പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3025 07/02/2018-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം

**ചോദ്യം**

ശ്രീ. എം. ഉമ്മർ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) 2016-17, 2017-18 വർഷങ്ങളിൽ തസ്തിക നിർണ്ണയം നടന്നെങ്കിലും ജി.ഒ (ആർ.റ്റി) നമ്പർ 199/2010/പൊ.വി.വകുപ്പ് ഉത്തരവിനെ തുടർന്ന് പ്രസ്തുത വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർക്ക് സർക്കാർ നിയമനാംഗീകാരം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(എ) സർക്കാർ ഉത്തരവുകൾക്കും കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ യാതൊരുവിധ തടസ്സങ്ങളുമില്ല. ഇത്തരം നിയമനങ്ങൾ ഏതു വർഷങ്ങളിലേതായാലും അംഗീകാരം നൽകണമെന്നു തന്നെയാണ് സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്.

(ബി) പ്രസ്തുത ഉത്തരവ് നിലവിൽ വന്നത് 3-12-2016 ന് ആണെന്നിരിക്കെ ആയതിന് 29-1-2016 മുതൽ മുൻകാല പ്രാബല്യം നൽകിയതിനെ തുടർന്നുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനായി ഉത്തരവ് വന്ന തീയതി മുതൽ പ്രാബല്യം നൽകുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 29/01/2016 ലെ സ.ഉ (പി) നമ്പർ 29/2016/പൊ.വി.വ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് ഏർപ്പെടുത്തിയ നിബന്ധനകൾ, അദ്ധ്യാപക സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ ചട്ടങ്ങളിൽ ചേർത്തുകൊണ്ടുള്ള കെ.ഇ.ആർ ഭേദഗതി ഉത്തരവാണ് 03/12/2016 ലെ ജി.ഒ (പി) നം. 199/2016/പൊ.വി.വ എന്നത്. അതുകൊണ്ടാണ് ഭേദഗതികൾക്ക് 29/01/2016 മുതൽ പ്രാബല്യം നൽകിയത്. റിട്ട് ഹർജി നമ്പർ 1356/17 തുടങ്ങിയ കേസുകളിൽ 11/10/2017 ലുണ്ടായ വിധിന്യായത്തിലൂടെ കേരള ഹൈക്കോടതിയും ഈ മുൻകാല പ്രാബല്യം ശരിവച്ചിട്ടുണ്ട്. ഈ പ്രാബല്യത്തീയതി മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) 1979 ന് മുമ്പ് നിലവിൽ വന്ന സ്കൂളുകളെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ല.

(ഡി) എയ്ഡഡ് സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിനും അദ്ധ്യാപകരുടെ

(ഡി) പ്രസ്തുത കെ.ഇ.ആർ ഭേദഗതി ഇപ്പോൾ കേരള ഹൈക്കോടതിയുടെ ഡിവിഷൻ

| | |
|---|---|
| നിയമനാംഗീകാരത്തിനുമായി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് വിശദാംശം അറിയിക്കുമോ?. | ബഞ്ചിന്റെ പരിഗണനയിലാണുള്ളത്. (റിട്ട് അപ്പീൽ നമ്പർ 2440/17 തുടങ്ങിയ കേസുകൾ) ആയതിനാൽ 03/12/2016 ലെ കെ.ഇ.ആർ ഭേദഗതി ഉത്തരവിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ